## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 383** 01.12.2015 ൽ മറുപടിക്ക്

### കെ.എസ്. ഇ.ബി. -യിലെ സ്പെഷ്യൽ ഡിസ് എബിലിറ്റി ലീവ്.

**ചോദ്യം**

ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ മേഖലയിൽ പ്രതിവർഷം "സ്പെഷ്യൽ ഡിസ് എബിലിറ്റി ലീവ്" സംവിധാനം നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സംവിധാനം ജീവനക്കാർക്ക് എന്തെല്ലാം സാമ്പത്തിക ഗുണങ്ങൾ നേടിക്കൊടുത്തു; | (ബി) ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടം കാരണം ജോലിക്ക് ഹാജരാകാതിരുന്ന ദിവസങ്ങളിലെ ശമ്പളവും അലവൻസുകളും ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത ലീവ് അനുവദിച്ചതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് കഴിഞ്ഞ മൂന്ന് വർഷം എത്ര തുകയുടെ ചെലവ് ഉണ്ടായിട്ടുണ്ട്; വിശദവിവരം നൽകുമോ; | (സി) ജീവനക്കാർക്ക് സാധാരണ ഗതിയിൽ നൽകുന്ന ശമ്പളവും അലവൻസുകളും മാത്രം നൽകുന്നതിനാൽ ഈ വിഭാഗത്തിൽ പ്രത്യേക ചെലവ് വേണ്ടി വരുന്നില്ല. |
| (ഡി) പ്രസ്തുത ലീവ് അനുവദിച്ചു നൽകുന്നതുമൂലം കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടാകുന്ന സാമ്പത്തിക നേട്ടം എന്തെന്ന് വ്യക്തമാക്കുമോ? | (ഡി) സാമ്പത്തിക നേട്ടമൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ